# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം . 7118. 16/07/2012 - ലെ മറുപടിക്ക്

### കരമന ഗവൺമെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂളിലെ പരാതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.റ്റി.ജോർജ് : | ശ്രീ. പി.കെ.അബ്ദുറബ്ബ്. (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരം കരമന ഗവൺമെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂളിലെ കുട്ടികളിൽ നിന്നും രക്ഷിതാക്കളിൽ നിന്നും ഉണ്ടായ പരാതികളുടെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ സെക്രട്ടറി, റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഐ.റ്റി @ സ്കൂൾ എന്നിവർ മുഖേന അന്വേഷണങ്ങൾ നടത്തി യിട്ടുണ്ടോ; | (എ) പി.ടി.എ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗമായ ശ്രീ. ഗിരീശന്റെ പരാതിയുടെ അടിസ്ഥാനത്തിൽ ഹയർ സെക്കന്ററി അക്കാദമിക വിഭാഗം ജോയിന്റ് ഡയറക്ടർ അന്വേഷണം നടത്തിയിട്ടുണ്ട്. |
| (ബി) അന്വേഷണം പൂർത്തിയാക്കി ഇവരിൽ നിന്നും റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) ഉണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (സി) റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) & (ഡി) ഹയർ സെക്കന്ററി അക്കാദമിക വിഭാഗം ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ടിന്റെയും കേരള മഹിളാസമാഖ്യ സൊസൈറ്റി പ്രോജക്ട് ഡയറക്ടറുടെ പരാതികളുടെയും അടിസ്ഥാനത്തിൽ ബന്ധപ്പെട്ടവരുമായി 22/02/12, 14/03/12 എന്നീ തീയതികളിൽ സർക്കാർ തലത്തിൽ ചർച്ച നടത്തി. ഇതിനെ തുടർന്ന് സ്കൂളിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിലേയ്ക്ക് ഒരു സമഗ്രമായ 'ഇന്റർവെൻഷൻ പ്ലാൻ' തയ്യാറാക്കി സമർപ്പിക്കുവാൻ സീമാറ്റ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) സമാന സാഹചര്യം നിലവിലുള്ള മറ്റു സ്കൂളുകൾക്കും മാതൃകയാകുന്ന തരത്തിൽ നടപടികൾ സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ.

6

## അന്വേഷണ റിപ്പോർട്ട്

വിഷയം:- കരമന ഗേൾസ് ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പലിന്റെ ക്രമക്കേടുകളെ - സംബന്ധിച്ച് -

സൂചന :- 1. ശ്രീ.ബി.സിസതീഷ്കുമാർ, ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ (റിട്ട), ഗവൺമെന്റ് ഗേൾസ് എച്ച്.എസ്.എസ്. കരമന ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രിയ്ക്ക് സമർപ്പിച്ച പരാതി (08/07/2011)

2. ശ്രീ.ഗിരീശൻ, പി.ടി.എ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം, ഗവ.ഗേൾസ് ഹയർസെക്കന്ററി സ്കൂൾ കരമന, ബഹു. വിദ്യാഭ്യാസ മന്ത്രിക്ക് സമർപ്പിച്ച പരാതി (12/10/2011)

സൂചന (1), (2) എന്നീ പരാതികളിൽ 2012 ജനുവരി അഞ്ചാം തീയതി ഉച്ചയ്ക്ക് ശേഷം പ്രസ്തുത സ്കൂൾ സന്ദർശിച്ച് വിശദമായ അന്വേഷണം നടത്തുകയുണ്ടായി.

പ്രസ്തുത അന്വേഷണത്തിൽ സൂചന (1)-ലെ പരാതിക്കാരനായ ശ്രീ.ബി.സിസതീഷ്കുമാർ സന്നിഹിതനായിരുന്നു. സൂചന (2) പ്രകാരം പരാതി നൽകിയ ശ്രീ.ഗിരീശൻ പങ്കെടുത്തില്ല. പ്രസ്തുത പരാതികളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളെ സംബന്ധിച്ച് സ്കൂളിലെ അദ്ധ്യാപകരോടും അദ്ധ്യാപികമാരോടും, സ്കൂൾ ലീഡർ, വിദ്യാർത്ഥികൾ, സ്റ്റാഫ് സെക്രട്ടറി എന്നിവരോട് ആരായുകയുണ്ടായി. ഇവരിൽ നിന്നും ലഭിച്ച വിവരങ്ങൾ അനുസരിച്ച് ടി സ്കൂളിലെ പ്രിൻസിപ്പലായ എൻ.എസ്.സുമത്തിനെതിരേയുള്ള ആരോപണങ്ങൾ താഴെ ചേർക്കുന്നു.

1. കുട്ടികളെ ഗ്രൗണ്ടിൽ കളിക്കാൻ വിടാറില്ല.
2. താമസിച്ചുവരുന്ന കുട്ടികളിൽ നിന്നും മുൻകാലങ്ങളിൽ പിഴ ഈടാക്കിയിരുന്നു. പിഴ നൽകാത്തവരെ വരാന്തയിൽ നിർത്തുകയും ചെയ്തിട്ടുണ്ട്.
3. കലാ കായിക മത്സരങ്ങളിൽ പങ്കെടുക്കുന്ന കുട്ടികളെ പ്രോത്സാഹിപ്പിക്കാറില്ല.
4. ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർക്ക് ഹയർസെക്കന്ററി വിഭാഗത്തിന്റെ അധിക ശമ്പളം നൽകിയിട്ടില്ല.
5. ഉപജില്ലാ കലോത്സവത്തിൽ പങ്കെടുക്കാൻ കുട്ടികളെ അദ്ധ്യാപകർ ഇല്ലാത്തതുമൂലം അനുവദിച്ചില്ല.
6. പി.ടി.എ ഫണ്ട് കുട്ടികളിൽ നിന്നും 500 രൂപയിൽ കൂടുതൽ പിരിച്ചിട്ടുണ്ട്. 'ജീന' എന്ന കുട്ടിയിൽ നിന്നും 2010 - 2011 വർഷം 4500/- രൂപ പിരിച്ചു.
7. വിദ്യാർത്ഥിനികളെ പുരുഷ അദ്ധ്യാപകരുടെ സ്റ്റാഫ്റൂമിൽ പോകുന്നതും അവരുമായി സംസാരിക്കുന്നതും വിലക്കുന്നു.
8. കുട്ടികളോടും രക്ഷകർത്താക്കളോടും അദ്ധ്യാപകരെപ്പറ്റി മോശമായി പറയുന്നു.
9. പുരുഷ അദ്ധ്യാപകരെപ്പറ്റി മോശമായി സംസാരിക്കും.
10. മാസം തോറുമുള്ള സ്റ്റാഫ് മീറ്റിംഗ് കൂടാറില്ല.
11. കുട്ടികളുമായി ആശയ വിനിമയം നടത്താറില്ല.
12. ടോയ്ലറ്റിന്റെ അപര്യാപ്തതയുള്ള സ്കൂളിന് ടോയ്ലറ്റിനുവേണ്ടി 15 ലക്ഷം രൂപ ഹയർസെക്കന്ററി വകുപ്പിൽ നിന്നും അനുവദിച്ചിട്ടും അത് വാങ്ങിയെടുക്കുന്നതിൽ വീഴ്ച വരുത്തി.

ഇതിൽ അന്വേഷണത്തിൽ ബോധ്യം വന്ന വസ്തുതകൾ ചുവടെ ചേർക്കുന്നു.

1. പരാതിയിൽ പറയുന്നതനുസരിച്ച് കുട്ടികൾ താമസിച്ചു വന്നു കഴിഞ്ഞാൽ ഒരു തുക പിരിക്കും എന്നുള്ളത് പ്രിൻസിപ്പാളും സമ്മതിച്ചിട്ടുണ്ട്.
2. കുട്ടികൾ കലാപരിപാടിയിൽ പങ്കെടുക്കുന്നതിലും ഗ്രൗണ്ടിൽ കളിക്കാൻ അനുവദിക്കുന്നതിലും അവസരം നൽകുന്നില്ല എന്ന പരാതിയിൽ പ്രിൻസിപ്പലിന്റെ ന്യായീകരണം അംഗീകരിക്കാവുന്നതല്ല.
3. ടി സ്കൂളിലെ അദ്ധ്യാപകരും പ്രിൻസിപ്പലും തമ്മിൽ സഹകരണം ഇല്ലാത്തത് സ്കൂളിന്റെ അച്ചടക്ക നടപടിയെ സാരമായി ബാധിക്കുന്നുണ്ട്.
4. കുട്ടികൾ അദ്ധ്യാപകരുമായി (പുരുഷ അദ്ധ്യാപകരുമായി)ട്ടുള്ള ബന്ധത്തെ മോശമായ രീതിയിൽ വ്യാഖ്യാനിക്കുന്നതും അതുവഴി കുട്ടികൾക്ക് താക്കീത് നൽകുന്നതും വളരെ അപകടകരമായ പ്രവർത്തന ശൈലിയാണ്.
5. അദ്ധ്യാപകരിൽ തന്നെ പുരുഷ അദ്ധ്യാപകരെന്നും സ്ത്രീ അദ്ധ്യാപകരെന്നും ഉള്ള വേർതിരിവ് മൂലം പെൺകുട്ടികൾ മാത്രം പഠിക്കുന്ന വിദ്യാലയം എന്ന രീതിയിൽ കുട്ടികൾ പുരുഷ അദ്ധ്യാപകരോട് കൂടുതൽ ഇടപഴകുന്നത് സഹസ്ത്രീ അദ്ധ്യാപകർക്ക് യോജിക്കുവാൻ കഴിയാത്ത ഒരു സാഹചര്യമാണ് ഇപ്പോൾ നിലനിൽക്കുന്നത്. എന്നാൽ വിദ്യാർത്ഥികളുടെ ഭാഗത്തുനിന്നും പുരുഷ അദ്ധ്യാപകരെന്നോ സ്ത്രീ അദ്ധ്യാപിക എന്നൊ വേർതിരിവില്ലാതെ അവരുടെ പ്രശ്നങ്ങളിൽ ഇടപെടുകയും നിയമാനുസൃതം നടപടി എടുക്കുകയും ചെയ്യുന്ന അദ്ധ്യാപകനെന്ന രീതിയിൽ കുട്ടികൾക്ക് അവരോട് പ്രത്യേക ഒരു മമത ഉണ്ടാകുന്നതിനെ മറ്റൊരു രീതിയിൽ കാണുന്ന പ്രവണത വളരെ മോശകരമായാണ് കാണേണ്ടത്.

താമസിച്ചുവരുന്ന കുട്ടികളിൽ നിന്ന് വിശദീകരണം തേടുന്നത് നല്ലതാണ്. എങ്കിൽ പോലും കുട്ടികൾ നൽകിയിട്ടുള്ള വിശദീകരണങ്ങളിൽ ചില വാക്കുകൾ (എന്റെ ലവറോട് സംസാരിക്കുകയായിരുന്നു)പ്രിൻസിപ്പൽ നിർബന്ധപൂർവമാണ് എഴുതിപ്പിച്ചിട്ടുള്ളത് എന്ന് വ്യക്തമാകുന്നു)

അനധികൃതമായി പി.ടി.എ ഫണ്ട് (4500/-) വാങ്ങിയതായ ആരോപണം ശരിയായതായി കാണുന്നു. സ്കൂളിന് ടോയ്‌ലറ്റ് നിർമ്മിക്കുവാൻ അനുവദിച്ച 15 ലക്ഷം രൂപ നഷ്ടപ്പെടുത്തി എന്നുള്ളത് വസ്തുത വിരുദ്ധമാണെന്ന് മനസ്സിലാക്കുവാൻ കഴിഞ്ഞു.

മേൽ വിവരിച്ച കാരണങ്ങളാൽ ടി വിദ്യാലയത്തിലെ അച്ചടക്കത്തെ ബാധിക്കുന്ന തരത്തിലുള്ള പ്രക്ഷുബ്ധ സാഹചര്യങ്ങൾ കുട്ടികളുടെ ഭാഗത്തു നിന്നല്ല എന്നുള്ളത് വളരെ ഗൗരവമായി കാണുന്നു.

ആയതിനാൽ ഈ വിദ്യാലയത്തിലെ പ്രഥമ അദ്ധ്യാപിക എന്ന നിലയിൽ ശ്രീമതി.സുമത്തിന്റേയും മറ്റദ്ധ്യാപകരുടേയും പ്രവർത്തനം സ്കൂളിന്റെ അന്തരീക്ഷം കൂടുതൽ കലുഷിതമാക്കുന്ന സാഹചര്യമാണുള്ളത്. ആയതിനാൽ ഈ വിദ്യാലയത്തിലെ അദ്ധ്യാപകർക്കും പ്രിൻസിപ്പലിനും കർശനമായ താക്കീതു നൽകി പ്രിൻസിപ്പലിനെ ഈ വിദ്യാലയത്തിന് സമീപമുള്ള മറ്റൊരു വിദ്യാലയത്തിലേക്ക് സ്ഥലം മാറ്റുന്നത് ഉചിതമായിരിക്കും. ഇത്തരം പ്രവർത്തനങ്ങൾ ഹയർസെക്കന്ററി അദ്ധ്യാപകരുടെ ഇടയിലും പ്രിൻസിപ്പൽമാരുടെ ഇടയിലും പല വിദ്യാലയങ്ങളിലും വ്യാപകമായി നടക്കുന്നതായി പല പരാതികളിൽ നിന്നും മനസ്സിലാക്കുവാൻ സാധിക്കുന്നു.

ആയതിനാൽ ഇത്തരം പ്രവർത്തനങ്ങളെ വളരെ ഗൗരവമായി കാണാത്ത പക്ഷം ഭാവിയിൽ ഹയർസെക്കന്ററി വിദ്യാലയങ്ങളുടെ പ്രവർത്തനത്തെ ബാധിക്കും എന്നുമാത്രമല്ല സമൂഹത്തിൽ വളരെയധികം വിമർശനങ്ങൾ ഹയർസെക്കന്ററി തലത്തിൽ ഉണ്ടാകും എന്നുള്ള വസ്തുത പരിഗണിച്ച് വരും കാലങ്ങളിൽ ഹയർസെക്കന്ററി തലത്തിലെ പ്രഥമ അദ്ധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകേണ്ടതും, മറ്റ് അദ്ധ്യാപകർക്ക് പ്രത്യേക കൗൺസിലിംഗ് നൽകേണ്ട ആവശ്യവും സർക്കാർ തലത്തിൽ തീരുമാനിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

എസ്.എസ്.അനിൽകുമാർ
ജോയിന്റ് ഡയറക്ടർ
(അക്കാഡമിക് വിഭാഗം)

J.21.02.12